## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5501** **05-07-2024 - ൽ മറുപടിയ്ക്ക്**

## സ്പോർട്സ് ഇക്കണോമി മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാവർക്കും സ്പോർട്സ് എന്ന നയത്തിന്റെ ഭാഗമായി സ്കൂൾതലം മുതൽ കായിക രംഗത്തിൽ വിദഗ്ധ പരിശീലനവും ശാസ്ത്രീയ മാർഗ്ഗങ്ങളും അവലംബിച്ച് ഉന്നത നിലവാരമുള്ള കായിക താരങ്ങളെ വളർത്തുക എന്ന ലക്ഷ്യം നേടുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് സ്കൂൾ തലത്തിൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും അടിസ്ഥാന പരിശീലനം നൽകുന്നതിനുമായി വിവിധ അടിസ്ഥാന പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അത്‌ലറ്റിക്സ്, ബാസ്കറ്റ്ബോൾ, ജൂഡോ, ബോക്സിംഗ്, ഫുട്ബോൾ എന്നീ കായികയിനങ്ങളിൽ അടിസ്ഥാന പരിശീലനം നൽകുന്നതിനായി യഥാക്രമം സ്പ്രിൻറ്, ഹൂപ്സ്, ജൂഡോക്ക, പഞ്ച്, ഗോൾ എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്. മികച്ച പ്രകടനം നടത്തുന്ന കായിക താരങ്ങൾക്ക് ശാസ്ത്രീയമായ വിദഗ്ധ പരിശീലനം കായികയുവജനകാര്യാലയത്തിനു കീഴിലുള്ള ജിവി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ നൽകി വരുന്നുണ്ട്.കൂടാതെ പ്രൈമറി തലം മുതലുള്ള കുട്ടികളിൽ കായിക ശേഷി ഉറപ്പുവരുത്തുന്നതിനായി ഹെൽത്തി കിഡ്സ് പദ്ധതിയും നടപ്പിലാക്കി വരുന്നു . |
| (ബി) | സ്പോർട്സ് ഇക്കണോമി മിഷൻ എന്ന കാഴ്ചപ്പാട് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ കായിക മേഖലയുടെ സംഭാവന ഉയർത്തുന്നതിനുള്ള സ്പോർട്സ് ഇക്കണോമി മിഷൻ കായിക നയം വിഭാവനം ചെയ്തിട്ടുണ്ട്. കായിക രംഗത്ത് സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനും നൂതന പദ്ധതികൾ അവതരിപ്പിക്കുന്നതിനുമായി 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചു. കായിക സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനുതകുന്ന വിവിധ പദ്ധതികൾ ഉച്ചകോടിയിൽ അവതരിപ്പിക്കുകയും അവ നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ